**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1246** **07-10-2021 - ൽ മറുപടിയ്ക്ക്**

**ദേശീയപാതയ്ക്ക് സ്ഥലം ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കരമന-കളിയിക്കാവിള എൻ.എച്ച്. പാതയിൽ ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തിലെ സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ബാലരാമപുരം-വഴിമുക്ക് റോഡ് വികസനവുമായി ബന്ധപ്പെട്ട പൊന്നും വില നടപടിയുടെ ഭാഗമായി 11(1)വിജ്ഞാപനം റോഡിന്റെ ഇടത് ഭാഗം 24.05.2021 - ലും വലത് ഭാഗം 06.07.2021-ലും പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്മേലുള്ള ആക്ഷേപങ്ങളിൽ കക്ഷികളെ 06.09.2021, 22.09.2021 തീയതികളിൽ സ്പെഷ്യൽ തഹസീൽദാർ, എൽ.എ.(എൻ.എച്ച്), പിഎംജി, നേരിൽ കേൾക്കുകയും ചെയ്തിട്ടുണ്ട്. സർവ്വെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പുനരധിവാസ പുനഃസ്ഥാപന പാക്കേജ് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ബാലരാമപുരം വഴിമുക്ക് എൻ.എച്ച്. വീതി കൂട്ടുന്നതിന് എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തത് എന്ന് വ്യക്തമാക്കാമോ; | (ബി) | ഈ നടപടിയ്ക്കായി ഏകദേശം 6.68 ഏക്കർ (2.7069 ഹെക്ടർ) സ്ഥലമാണ് ഏറ്റെടുക്കുന്നത്. |
| (സി) | സ്ഥലം വിട്ടുതന്ന ഭൂഉടമകൾക്ക് വസ്തുവിന്റെ വില എപ്പോൾ നൽകും എന്ന് വ്യക്തമാക്കാമോ; | (സി) | ഭൂവുടമകൾക്ക് വസ്തുവിന്റെ വില നിർണ്ണയിച്ച് നൽകുന്ന ഘട്ടം വരെയുള്ള നടപടി ആയിട്ടില്ല. അവാർഡ് തയ്യാറാക്കുന്ന ഘട്ടത്തിലാണ് ഭൂവില നിശ്ചയിച്ച് തിട്ടപ്പെടുത്തുന്നത്. |
| (ഡി) | വസ്തു ഉടമകൾക്ക് എത്ര തുകയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ; സ്ഥലം വിട്ടുതന്ന വസ്തു ഉടമകൾ എത്രപേർ എന്ന് വ്യക്തമാക്കാമോ? | (ഡി) | പൊന്നുംവില നടപടികളിൽ ഒരു കക്ഷികൾക്കും തുക അനുവദിച്ചിട്ടില്ലാത്തതും ഒരു കക്ഷികളും ഭൂമി വിട്ടു തന്നിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ